

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 17 No.05 Newsletter May 2019



“യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും
മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു.”

ലൂക്കൊസ് 2:52

## Second Death Anniversary



06-05-2018

*In ever loving memory of*

**C. STANLEY JOHN**
(Retd. Addl.Dir.,Public Relations
Department Govt. Secretariate)

*By Sorrowing family*
Wife: Mrs. Vasantha Stanley N.
Suresh Stanley P.,
Grand child: Anoop S.

## Third Death Anniversary

6th May 2019



P. CHRISTUDAS
(Rtd. Senior Supdt. Govt. Press)
Dawn, MBC-50
Museum Bains Compound

*"I am the resurrection and the life. He who believes in me will live, even though he dies; and whoever lives and believes in me will never die" - (John 11:25, 26)*

Mrs. Valsamma George

Bejoy Peter, Helen Shibija,
Daniela and Stefan

Cejoy Peter, Reshmi Sarah,
Joshua and David

Dr. Dincy Peter, Dr. Vinu Moses,
Nadia and Kevin

# CHURCH VOICE

17th year of publication

MAY 2019



## Editorial Board

**Chief Editor**

Rev. D. Jacob

**Convenor**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer (Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**Address**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website
www.mateermemorialchurch.com

**Printed at**

**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## *From the Presbyter’s desk*



അമ്മ തുല്യതയില്ലാത്തവളാണ്. ‘മാതാവ്’ എന്ന വാക്കിന് ‘പൂജിക്കപ്പെടുന്നവൾ’ എന്നാണല്ലോ അർത്ഥം. മാതൃസ്നേഹത്തിന്റെ മഹനീയ സ്പർശം അനുഭവിച്ചവർ ഭാഗ്യമുള്ളവർ എന്നല്ലാതെ എന്ത് പറയേണ്ടു. അമ്മ സ്നേഹമാണ്; നന്മയാണ്; ജീവസ്പന്ദനമാണ്. മനുഷ്യജീവിതത്തെ നെയ്യുന്ന വാക്കാണ് അമ്മ. ഇന്നലെയും ഇന്നും നാളെയുമായി ജീവിക്കുന്ന മനുഷ്യന്റെ വേരാണ് അമ്മ. ആദ്യമായി നാവിൽ ഇറ്റുന്ന ജീവജലമാണ് അമ്മ. അടുത്ത ജീവിതം കൊടുത്തശേഷം സ്വയം വളമായി മാറുന്നു അമ്മ. അമ്മ എല്ലാമാണ് എത്ര ഉയരത്തിൽ വളർന്നാലും പ്രായമേറെയായാലും അമ്മയുടെ മുന്നിൽ മക്കളെല്ലാം കുഞ്ഞുങ്ങളാണ്. ലോകത്തെവിടെയായാലും അമ്മയെന്നു കേൾക്കുമ്പോൾ മനസ്സിൽ ആർദ്രമായൊരനുഭൂതി നിറയുന്നു. മാതൃത്വം ധന്യമാണ്. അമ്മിഞ്ഞപ്പാൽ നൽകിയും പിച്ച വെയ്പിച്ചും, താരാട്ടുപാടി ഉറക്കിയും മക്കളെ പോറ്റുന്നത് അമ്മയാണ്. തന്നെ സ്വന്തം കാലിൽ അഭിമാനപുരസരം നിൽക്കാൻ ഒരുവനെ പ്രാപ്തിപ്പെടുത്തുന്നതിലെ മുഖ്യതാരമാണ് അമ്മ.

‘നാളെ നീ മരിക്കും’ എന്ന ആന്റികൂഗന്റെ ഗ്രന്ഥത്തിൽ ജപ്പാനിലെ തടവറയിൽ വെച്ച് കൊല്ലപ്പെട്ട ബ്രിട്ടീഷുകാരന്റെ മരണവാർത്ത അറിയിക്കാൻ സഹപ്രവർത്തകൻ അമ്മയുടെ അരികിൽ എത്തുന്നുണ്ട്. മകനെ പ്രതീക്ഷിച്ചിരിക്കുന്ന അമ്മയോട് മരണവാർത്ത അറിയിക്കാൻ അയാൾക്ക് ധൈര്യമുണ്ടായില്ല. മകൻ ഉടനെ തിരിച്ചുവരുമെന്നും അമ്മയെ മറന്ന് ഒരു നിമിഷംപോലും താൻ ജീവിച്ചിട്ടില്ല എന്നും അമ്മയോട് പറയാൻ ആവശ്യപ്പെട്ടതായി പറഞ്ഞ് അദ്ദേഹം വീട്ടിൽ നിന്നിറങ്ങി. ലഭിച്ച സന്ദേശം അമ്മയെ വികാരഭരിതയാക്കി. ‘എത്ര ദൂരത്താണെങ്കിലും എന്നും അവന്റെ മനസ്സിൽ ഞാനുണ്ടല്ലോ; അതു മാത്രം എനിക്കു മതി; അമ്മ കരഞ്ഞു. അമ്മമാർ എന്നും മക്കളെ ഓർമ്മിക്കുന്നു. മക്കളോ? മക്കളുടെ മനസ്സിൽ താൻ എന്നുമുണ്ട് എന്ന അറിവിൽ കവിഞ്ഞ് മറ്റെന്താണ് ഒരമ്മയെ സന്തോഷിപ്പിക്കുക! അമ്മയെ മറക്കുന്നതിന് മതിയായ ഒരു ന്യായീകരണവുമില്ല. തന്റെ മനസ്സിൽ അമ്മ എന്നുമുണ്ട് എന്ന് ഉദ്ഘോഷിക്കാൻ ശ്രമിക്കുന്ന ക്രിസ്തുവാണ് ക്രൂശിൽ.

ഓർക്കുക! അമ്മയോളം സ്വാർത്ഥതയുള്ള ആരും ലോകത്തിലില്ല. അത്തരം സ്വാർത്ഥതയുള്ളതുകൊണ്ടാണ് കാക്ക കൊണ്ടുപോകാതെ നാം വലുതായത്. ഇടത്തും വലത്തും തന്റെ മക്കളെ ഇരുത്തണമെന്ന് ഒരമ്മ രഹസ്യത്തിൽ ഗുരുവിനോടു ആവശ്യപ്പെടുന്നത് വായിച്ചിട്ടില്ലേ! മക്കൾ മറക്കാതിരിക്കാനുള്ള ഒരു സത്യമുണ്ട്. അമ്മ ഉദരത്തിൽ ചുമക്കുമ്പോൾ ഈ ഭാരം എനിക്കാവശ്യമില്ല എന്ന് അമ്മ കരുതിയെങ്കിലോ? ഈ ലോകത്തിലെ പ്രകാശം

കാണാൻ സാധിക്കുമൊ?

'തൊട്ടിലാട്ടുന്ന കൈകൾക്ക് ലോകം ഭരിക്കാനുള്ള പ്രാപ്തിയുണ്ട്.' എന്ന് ഡബ്ല്യിയൂ. എൽ. റോസ് ഊറ്റം കൊള്ളുന്നു. ലോകത്തിൽ ഏറ്റവും കഠിനമായ ജോലി മാതൃത്വമാണെന്ന് ലോകപ്രശസ്തമോഡലും ഗായികയുമായ വിക്ടോറിയ ബെക്കാം. മാതൃവാത്സല്യത്തിന് മനോഹരമായ ഒരു നിർവ്വചനം - 'നിങ്ങൾ കരഞ്ഞപ്പോൾ അമ്മ പുഞ്ചിരിച്ച ദിനം- നിങ്ങളുടെ ജന്മദിനം'. എങ്കിലും സ്നേഹിക്കേണ്ടവർ തള്ളിക്കളഞ്ഞ വാർദ്ധക്യത്തിന്റെ ചുടുകണ്ണുനീർ വീണ കേരളം. പത്രവാർത്തയുടെ തലവാചകം മാത്രം - വാർദ്ധക്യത്തിൽ അമ്മക്ക് അടച്ചിട്ട മുറിയിൽ ഏകാന്തവാസം', 'മക്കൾ പത്ത്; മാതാവ് തെരുവിൽ'; 'പെറ്റമ്മ തൊഴുത്തിൽ; മനസലിയാതെ മക്കൾ'; 'പെറ്റവയറിനെ കക്കൂസിൽ തള്ളിയിട്ട പൊന്നുമക്കൾ', മക്കൾ ഉപേക്ഷിച്ചു; മുത്തശിയുടെ താമസം പട്ടികൾക്കൊപ്പം', 'മകൻ കടന്നു, പള്ളിയങ്കണത്തിൽ കണ്ണീർകണംപോലെ ഉമ്മ'. എം. എൻ. വിജയൻ തൂലികയെ പടവാളാക്കുന്നു "ഓരോ കുഞ്ഞും നരഭോജിയാണ്. അമ്മയെ തിന്ന കുഞ്ഞുങ്ങളാണ് നമ്മൾ. ഒറ്റകോശത്തിൽ നിന്നാരംഭിച്ച് കാഴ്ചയായും, കേൾവിയായും, ചിന്തയായും, ബുദ്ധിയായും രൂപപ്പെട്ടത് അകത്തിരുന്ന് അമ്മയെ ഭക്ഷിച്ചതുകൊണ്ടാണ്. നിലവിളിയോടെ പുറത്തുവന്നശേഷവും അമ്മയെയാണ് നാം ഭക്ഷിച്ചത്. അമ്മയുടെ രക്തം പാലായി നാം കുടിച്ചു." പുതുസൃഷ്ടിയുടെ വക്താക്കളായ അമ്മമാർ എല്ലായിടത്തും, എപ്പോഴും ആദരവും സ്നേഹവും കരുതലും അർഹിക്കുന്നു. എല്ലാ അമ്മമാർക്കും മാതൃദിനാശംസകൾ.

സ്നേഹാശംസകളോടെ,

**ജേക്കബച്ചൻ**



# പ്രതിവാര ധ്യാനം

**മെയ് 01 ബുധൻ ലോകതൊഴിലാളിദിനം**

വിഷയം: **തച്ചനായ യോസേഫ്**

ഉല്പ.1:26-2:3, 2തെസ്സ. 3:6-15, സങ്കീ. 15, യോഹന്നാൻ 5:1-10

**മെയ് 05 ഞായർ**

വിഷയം: **ഉയിർത്ത ക്രിസ്തുവിനോടൊപ്പമുള്ള വചനത്തിന്റെ പുനർവായന**

2ദിന. 34:29-33, അപ്പൊ.പ്ര. 8:26-40, സങ്കീ. 19:7-14, ലൂക്കൊ. 24:13-27

**മെയ് 12**

വിഷയം: **ഉയിർത്ത കർത്താവിനാലുള്ള നിയോഗിക്കപ്പെടൽ**

യിരെ. 9:1-10, 1തിമൊ. 4:6-16, സങ്കീ. 47, യോഹ. 20:19-23

**മെയ് 19**

വിഷയം: **ക്രിസ്തുവിൽ വിശ്വസിക്കുക**

പുറ. 34:1-9, എഫെ. 4:7-16, സങ്കീ.119:89-96, യോഹ 17:6-19

**മെയ് 26**

വിഷയം: **ക്രിസ്തുവിന്റെ ആത്മാവിനോടൊപ്പമുള്ള ദൗത്യനിർവ്വഹണം**

2 രാജാ. 2:9-16, അപ്പൊ.പ്ര. 7:54-60, സങ്കീ. 105:1-11, മത്തായി 28:16-20

# കോപിക്കരുത്

**വീ**ണ്ടും ഒരു മെയ്മാസം വന്നിരിക്കുന്നു. അമ്മമാരെ ആദരിക്കാൻ ഒരു പ്രത്യേകദിവസമുള്ള മാസം. മാതാപിതാക്കളെ ബഹുമാനിക്കുക എന്നത് വാഗ്ദത്തോടുകൂടിയ ആദ്യകല്പന അവരെ സ്നേഹിക്കാനും ബഹുമാനിക്കാനും നാം പഠിക്കണം. ഓരോ ഭവനവും അതു പരിശീലി ക്കാനുള്ള സ്ഥലമാവണം. തങ്ങളുടെ ഇഷ്ടങ്ങൾ മാറ്റിവച്ച് കുഞ്ഞുങ്ങളെ വളർത്തി വലുതാക്കിയ നമ്മുടെ അപ്പനും അമ്മയും ദുഃഖിക്കാൻ പാടി ല്ല. സ്വാർത്ഥതയില്ലാത്ത, നിബന്ധനകളിലാത്ത എപ്പോഴും ക്ഷമിക്കുന്ന സ്നേഹമാണ് മാതാപിതാക്കന്മാർക്ക് മക്കളോടുള്ളത്. അത് നാം തിരി ച്ചറിയണം. അതിനായി ശ്രമിക്കുന്ന പ്രത്യേക സമയമാകട്ടെ ഇത്.

സാബു എപ്പോഴും കോപിക്കുന്ന സ്വഭാവം ഉള്ള ഒരു കുട്ടിയായിരുന്നു. ഈ സ്വഭാവം കാരണം അവന്റെ പിതാവ് ഏറെ ദുഃഖിച്ചിരുന്നു. ഒരു ദിവസം പിതാവ് അവനെ വിളിച്ചു. ഒരു പെട്ടിയിൽ കുറെ ആണികളും ഒരു ചുറ്റികയും നൽകിയശേഷം മകനോടു പറഞ്ഞു. ഞാൻ ഏറ്റവും സ്നേഹിക്കുന്ന മകനേ, നീ നിയന്ത്രണം വിട്ട് കോപിച്ചു എന്നു തോന്നുന്ന ഓരോ സന്ദർഭത്തിലും ഇതിൽ നിന്നും ഒരു ആണി എടുത്ത് വീടിന്റെ ഭിത്തിയുടെ ഒരു പ്രത്യേക ഭാഗത്ത് ചുറ്റിക ഉപയോഗിച്ച് അടിച്ച് ഉറപ്പിക്കുക. സാബു സമ്മതിച്ചു.

ഒന്നാം ദിവസം അവൻ 20 ആണികൾ അടിയ്ക്കേണ്ടി വന്നു. എല്ലാ ദിവസവും തന്റെ ഈ സ്വഭാവം കുറയാൻ അവൻ പ്രയത്നിച്ചു കൊണ്ടേയിരുന്നു. അത്ഭുതമെന്ന് പറയട്ടെ ദേഷ്യപ്പെടുന്നതിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. ഓരോ ദിവസവും ആണി അടിയ്ക്കുന്നതി നേക്കാൾ തന്റെ സ്വഭാവം നിയന്ത്രിക്കുന്നത് നല്ലതാണെന്നു സാബു മനസ്സിലാക്കി.

അവസാനം ഒരു ദിവസം ഒരിക്കൽപോലും കോപിക്കാത്ത ഒരു ദിവസം സാബുവിന്റെ ജീവിതത്തിൽ ഉണ്ടായി. അവന്റെ സന്തോഷം വലുതായിരുന്നു. അവൻ പിതാവിനോട് ഈ കാര്യം അറിയിച്ചു. പിതാവ് സാബുവിനോട് ഓരോ ആണിയും മതിലിൽ നിന്നും ഊരി മാറ്റാൻ

ആവശ്യപ്പെട്ടു. അവൻ ഒന്നൊന്നായി മാറ്റി. പിതാവ് മകന്റെ കരം പിടിച്ച് പതിയെ ആ ഭിത്തിയിൽ തടവിനോക്കി. എന്നിട്ടു പറഞ്ഞു മകനെ കൊള്ളാം, നീ നന്നായി ചെയ്തു പക്ഷെ ഭിത്തിയിലെ ആ സുഷിരങ്ങൾ കാരണം വീണ്ടും പഴയ മിനുസമായ ഭിത്തി ഉണ്ടാകുന്നില്ല. ഇതുതന്നെയാണ് കോപിക്കുമ്പോൾ ഉണ്ടാകുന്നത്, കോപം മൂലം മറ്റുള്ളവരുടെ മനസിലുണ്ടാവുന്ന മുറിവുകൾ നിശ്ശേഷം മാറ്റുവാൻ നമുക്കു സാദ്ധ്യമല്ല. അതിനാൽ കോപിക്കരുത്. ഉപ്പിനാൽ രുചി വരുത്തിയ വാക്കുകളാണ് നമുക്ക് ആവശ്യം.

കോപം നമ്മുടെയും, മറ്റുള്ളവരുടെയും ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. തലച്ചോറിനും, ഹൃദയത്തിനും ദോഷം ഉണ്ടാക്കുന്നു. നല്ല ബന്ധങ്ങളെ ശിഥിലമാക്കുന്നു. കോപം ഒരു പാരമ്പര്യ സ്വഭാവം ആണ് എന്ന് പറയുന്നവരുണ്ട്. കോപിച്ചത് തെറ്റാണെന്ന് തോന്നുമ്പോൾ പശ്ചാത്തപിക്കുക. ഓരോ ദിവസവും പ്രഭാതത്തിൽ പ്രാർത്ഥിയ്ക്കുക. ഇന്ന് കോപിയ്ക്കില്ല എന്നു തീരുമാനിക്കുക.

കേൾക്കുന്നവർക്കു കൃപ ലഭിക്കുന്നതിനായുള്ള നല്ല വാക്കല്ലാതെ ആകാത്തത് വായിൽ നിന്നു പുറപ്പെടരുത് എന്നാണ് വിശുദ്ധ പതലൂസ് എഫെജർക്ക് എഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നത്. മാത്രവുമല്ല നല്ലതല്ലാത്ത വാക്ക് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിയ്ക്കുന്നു.

ബുദ്ധിമാനായ ശലോമോൻ പറയുന്നത് കോപത്തെ മുഴുവനും വെളിപ്പെടുത്തന്നത് മൂഢൻ എന്നാണ് (സഭാ : 29:11)

കോപം പാപം ചെയ്യിക്കുന്നു എന്നു തന്നെയാണ് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ കോപം നമ്മിൽ നിന്ന് മാറിപ്പോകാൻ നമുക്കു മനഃപൂർവ്വമായി ശ്രമിക്കാം.

**“കഴിഞ്ഞുപോയ കാലം**
**എയ്തുവിട്ട അമ്പ്**
**പറഞ്ഞു പോയ വാക്ക് ”**
ഇതൊന്നും തിരികെ വരില്ല.

**വത്സ ഡി. എസ്.**

---

## ചർച്ച് ഓഫീസ് പുനഃക്രമീകരണം

പ്രവർത്തനസമയം : 10 am to 5.30 pm
പണമിടപാട് സമയം : 10 am to 3 pm

## Secretary's Report



Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

The month of April marked the holiest days for the Christians across the world. Our gracious Lord had granted us also to observe the holy week from 15th April to 21st April 2019.The Maundy Thursday worship service and communion commemorating the Last Supper of our Lord Jesus Christ was held at our Church with all reverence and serenity on April 18th 2019 evening. The Good Friday worship service started at 8 am on April 19th 2019 with meditation of Seven sayings of Christ on the Cross by Rev D Jacob our Presbyter-in-charge was a real spiritual experience to reaffirm our faith in Lord Jesus Christ. The Holy week convention was organised from April 19th evening to April 21st Easter service. Very Rev.Dr.Joseph Samuel Karukayil Cor episcopa shared the word of God during these days highlighting the great possibilities of adoring the cross in our life. The resurrection of Jesus Christ - the victory over sin and death was celebrated at our Church by organising Easter Melody by CEYF on April 20th and Easter Song service with the participation of our Church Choir, Junior choir and Children's choir on April 21st 2019 evening.

**1. Church Committee Meeting**

In April, regular Church Committee meeting was held on 14th April 2019 Sunday.

**2. Accounts for the month of March 2019**

The receipts and payments for the month of March 2019 is published at page nos. 23 to 28 of this issue.

**3. Final Voters list**

The Final Voters list for the triennium 2019-2021 was published on April 21st 2019.

**4. Poor Fund**

Medical Help

| | |
|---|---|
| 1. Sobhana T, Cherukode, Peyad | Rs.3000/- |
| 2. Geetha V. S. Seethamma Bhavan Kariyam, | Rs.5000/- |

3. Sanil M, Sanil bhavan, Pulloorkonam,Machel Rs.10000/-
4. Bindu S, A.J. House Palappur, Vellayani Rs.5000/-
5. Ajithamony M. L. St.Paul's church Parasala Rs.5000/-

Marriage Help

1. Bindu R, Sarath Bhavan mulammoodu,parasala Rs.5000/-

**5. Vacation Bible School**

VBS was successfully organised by the initiative of M M Church Sunday school from April 01, 2019 to April 13, 2019. 280 children of our Church as well as from the mission centre at Prasanth Nagar attended the VBS. This year's VBS was designed and lead by Ms.Arvin and B S Sujith of Children's ministry South Kerala Diocese.

The Kothalam mission centre has organised VBS for their children from April 21st 2019 to April 28th 2019.

**6. Holy Land Tour**

The Church had organised a holy land tour from April 2nd 2019 to April 12th 2019. Fifty Two members participated in the tour. The tour provided an opportunity to visit the important places and destinations referred in the Holy Bible spread across the Kingdom of Jordan, Israel, Palestine and Egypt.

**7. Summer School of Church Music**

Albert Joseph Memorial Summer School of Church Music was organised by our Church choir from April 15th to April 28th. 50 participants which includes few children from our mission centres attended the music classes.

**8. Children's Camp**

Our Sunday school had organised Children's camp from 25th April to 27th April 2019 at Loyola hall, Sreekariyam. 42 Sunday school students had actively participated in the camp. The theme of the camp was 'You are a letter of Christ'.

**9. Confirmation**

Confirmation was granted to 26 members our church on Maundy Thursday evening service -18/4/2019 and first communion was provided to these members during the communion service.

**10. Baptism**

The following children were baptized on 21/4/2019

| Name of the Child | Parents | Family No. |
|---|---|---|
| TOBIN PETER | Peter Chellaiah & Asha Rani | 2033 |
| AKIRA AJAY SOLOMON | Dr.Ajay Solomon Linson & Dr.Suvinda Jones | 2116 |

| | | |
|---|---|---|
| ADELA JOLLY | Adarsh Prasad & Jolly Irene | 2050 |
| JOHAAN S. ARTHUR | Sanjeev Arthur & Sabitha V. S. | 2215 |
| ALWIN V | Vipin Das and Deepa C. S. | 1847 |
| LIAM ASWIN NELSON | Aswin M. N. and Shimi K. S. | 1997 |

**11. Marriages**

9 marriages were held at our church during the month.

Our church member Dr.Mira Mohan, Family no.1877 was married to Mr.Shine on 22nd April 2019. Adv.Caroline Joy Fletcher, Family no.1961 was married to Dr.Biju Abraham on 24th April, 2019.

Mr.Praveen P S, Family no.1766 was married to Ms.Nithya Murali on 24th April, 2019.

Congratulations!!!

Six marriages which were solemnized on 22nd April 2019, 25th April 2019 and 29th April 2019 belonged to members of other CSI churches.

**12. Obituary**

The following members of our Church were called to eternal rest.

- Mrs.Lalitha Bai P (family no. 2045) on 03.04.2019 and funeral on same day at M M Church cemetery.
- Adv.Lionel Fletcher (family no. 1961) on 07.04.2019 and funeral on 08.04.2019 at M M Church cemetery
- Mrs.Gladys Boas (family no. 745) on 12.04.2019 and funeral on 13.04.2019 at M M Church cemetery
- Mrs.J Sisulet Kamala Bai (family no. 935) on 17.04.2019 and funeral on 18.04.2019 at M M Church cemetery
- Mr.Nirmal Kumar Benjamin (family no. 45) on 17.04.2019 and funeral on 22.04.2019 at M M Church cemetery

Heartfelt condolences to the bereaved family

**13. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of April 2019.

May God our father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**

Church Secretary



# ദൈനംദിന ജീവിതത്തിൽ ഉയിർത്ത ക്രിസ്തുവുമായുള്ള സംസർഗ്ഗം

**റവ. ഇബനേസർ ഷൈൻ കുമാർ**
9446307249. കെ.യു.റ്റി.എസ്. കണ്ണമ്മൂല.

**ക്രൈ**സ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം നിലകൊള്ളുന്നത് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിലും അവൻ വീണ്ടും വരും എന്ന പ്രത്യാശയിലുമാണ്. യേശുവിന്റെ ഉയിർപ്പ് ഭൂതകാലത്തിൽ നടന്ന ചരിത്ര യാഥാർത്ഥ്യമായി മാത്രം കാണാനാണ് പലരും ശ്രമിക്കാറ്. അതിനപ്പുറം അതിന് വർത്തമാനകാല സാംഗത്യമുണ്ടെന്ന് ചിന്തിക്കുമ്പോഴാണ് ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സന്ദേശം സഭയ്ക്ക് സംലഭ്യമാവുക. ലൂക്കൊസ് സുവിശേഷത്തിൽ യെരുശലേമിൽനിന്ന് എമ്മവുസ്സിലേക്ക് യാത്രപോകുന്ന രണ്ടു ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനാകുന്നതിനെകുറിച്ച് പ്രതിപാദിക്കുന്ന പാഠഭാഗം വർത്തമാനകാല ക്രൈസ്തവർക്ക് ശക്തമായ സന്ദേശമാണ് നൽകുന്നത്.

**1. ക്രിസ്താനുഭവത്തിന്റെ ഇടങ്ങൾ തിരിച്ചറിയുന്ന ക്രൈസ്തവരാവുക**

യെരുശലേമിൽ നിന്നും എമ്മവുസ്സിലേക്ക് യാത്രയാകുന്ന ശിഷ്യന്മാരുടെ സംഭാഷണത്തിൽ നിന്നും അവരുടെ ചിന്താഗതി വ്യക്തമാണ്, ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്ന് ആശിച്ചിരുന്നു. യേശുവിന്റെ ക്രൂശുമരണം അവരെ വല്ലാതെ തളർത്തിക്കളഞ്ഞിരുന്നു. എങ്കിലും അവർക്ക് അത് ബോധ്യമായി വന്നില്ല. യിസ്രായേലിന്റെ വീണ്ടെടുപ്പിനെ യേശു മനസ്സിലാക്കിയിരുന്നതു പോലെയല്ല അവർ മനസ്സിലാക്കിയിരുന്നത്. ദാവീദിനുപകരം ശക്തനായ, അനിഷേധ്യനായ ഒരു നേതാവിനാൽ നയിക്കപ്പെടുന്ന രാജ്യത്തിന്റെ പുനഃസ്ഥാപനം; ഇവയായിരുന്നു അവരുടെ സ്വപ്നം. ഈ ശിഷ്യന്മാർ ക്രിസ്തുശിഷ്യന്മാരുടെ മുഴുവൻ പ്രതിനിധിയാണ്. അവർ മുഴുവൻ പേരും ഭൗതികനായ ഒരു രാജാവിനെയാണ് യേശുവിൽ കണ്ടത്. അതിനപ്പുറം ദൈവീക ഉദ്ദേശ്യത്തിന്റെ ഉപകരണമായി മാറാനുള്ള ദൈവേഷ്ടത്തെ തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെട്ടു. നീ ഈ കാലത്തോ രാജ്യം യഥാസ്ഥാനപ്പെടുത്തുന്നത്? എന്ന ചോദ്യവും അതിൽ നിന്നാണ് ഉരുത്തിരിയുന്നത്. എന്നാൽ യാത്രയിൽ അവരോടു കൂടെ നടക്കുന്ന യേശു അവർക്ക് കാര്യം വ്യക്തമാക്കിക്കൊടുക്കുന്നു ലൂക്കോ 24:13-33 പാഠഭാഗത്തിലെ പ്രധാന പ്രമേയം.

സഹയാത്രികരുടെ അറിവില്ലായ്മയെ കർത്താവ് വിമർശിച്ചു. (വാ.25). ക്രിസ്തു ആരാണെന്നും അവൻ കഷ്ടം അനുഭവിക്കേണ്ട വനാണെന്നും മഹത്വ പ്രവേശനത്തിന് അത് അനിവാര്യമാണെന്നും തിരുവെഴുത്തിനെ ഉദ്ധരിച്ചുകൊണ്ട് കർത്താവ് വ്യക്തമാക്കുന്നു. അപ്പോഴും അവർക്ക് കാര്യം ബോധ്യമായില്ല. ഒടുവിൽ ഒപ്പം നടക്കുന്ന സഹയാത്രികനെ തങ്ങളോടൊപ്പം താമസിക്കാൻ ക്ഷണിച്ച്, ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ അതിഥിയായ യേശു ഭക്ഷണം വാഴ്ത്തുന്ന വേളയിലാണ് അവരുടെ കണ്ണുതുറന്നത് (വാ.30,31) അത് അവർക്ക് ബോധോദയത്തിന്റെ സമയമായിരുന്നു. ഒരർത്ഥത്തിൽ ആ ഭക്ഷണ മേശയാണ് അവർക്ക് ക്രിസ്താനുഭവം പ്രദാനം ചെയ്യുന്നത് എന്ന് പറയാം.

ഭക്ഷണകൂട്ടായ്മകൾക്ക് ലൂക്കൊസ് സുവിശേഷത്തിൽ പ്രത്യേക സ്ഥാനം തന്നെയുണ്ട്. മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്ക് ഉപവസിക്കാൻ കഴിയില്ല. സക്കായി എന്ന ചുങ്കക്കാരന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന, മുടിയനായ പുത്രന്റെ മടങ്ങിവരവിൽ കാളകുട്ടിയെ അറുത്ത് വിഭവ സമൃദ്ധമായ ഭക്ഷണം ഒരുക്കുന്നു, ഇങ്ങനെ ഭക്ഷണ കൂട്ടായ്മകളിലെ ദൈവാനുഭവം സുവിശേഷങ്ങളിലെ ഒരു പ്രധാന വിഷയമാണ്. ഭക്ഷണ കൂട്ടായ്മ ബന്ധങ്ങളുടെ ഇടമാണ്. കർത്താവിന്റെ ദിനവും ഭക്ഷണക്കൂട്ടായ്മയാൽ സമ്പന്നമാകും എന്നാണ് വിശ്വാസം. യേശു ശിഷ്യന്മാരുമായും പാപികളുമായും പാർശ്വവൽക്കരിക്കപ്പെട്ടവരുമായും ബന്ധം സ്ഥാപിക്കുന്നത് ഭക്ഷണക്കൂട്ടായ്മയിലൂടെയാണ്. ഭക്ഷണം മുൻപിൽ വന്നാൽ കയ്യിലെടുത്ത് വാഴ്ത്തുക യേശുവിന്റെ ശീലവുമാണ്. ഭക്ഷണം ഏതുകാലത്തും മനുഷ്യന് ഒഴിച്ചുകൂടാൻ കഴിയാത്ത അനിവാര്യതയാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഭക്ഷണം വാഴ്ത്തുമ്പോൾ, ഭക്ഷണം ഇല്ലാത്തവരുമായി താദാത്മ്യപ്പെടാൻ സന്നദ്ധമാകുമ്പോഴൊക്കെ സാധ്യമാകുന്നത് ഉയിർത്ത കർത്താവുമായുള്ള സംസർഗ്ഗമാണ്. തങ്ങളോടൊപ്പം നടന്ന് വന്ന് നടന്നകലാൻ ഒരുങ്ങുന്ന യേശുവിനെ ക്ഷണിച്ചതിലൂടെയാണ് ക്രിസ്തുവുമായുള്ള സംസർഗ്ഗം സാധ്യമാകുന്നത്.

**2. ഉയിർത്ത കർത്താവ് ദൗത്യനിർവ്വഹണത്തിന് സജ്ജനാക്കും**

ആ നാഴികയിൽ തന്നെ അവർ എഴുന്നേറ്റു യെരുശലേമിലേക്ക് മടങ്ങിപ്പോന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് അനുഭവമായപ്പോൾ സംഭവിച്ചത് ഇതാണ്. ദൈനംദിന ജീവിതത്തിലെ ക്രിസ്താനുഭവം സാധ്യമാകുന്നതും ക്രിസ്തു കൂട്ടായ്മയിലേക്കുമുള്ള മടങ്ങിവരവാണ്. ഈ രണ്ടു ശിഷ്യന്മാർ മാത്രമല്ല ഇതിനുമുമ്പും പിമ്പും പലർക്കും ഉയിർത്ത കർത്താവിന്റെ ദിവ്യ ദർശനം ഉണ്ടായി. ആ ദിവ്യാനുഭവങ്ങൾ അവരെ ഒന്നിപ്പിച്ചു. രണ്ടു ശിഷ്യന്മാരും മടങ്ങിവരുമ്പോൾ കാണുന്നത് യേശുവിന്റെ പതിനൊന്നു ശിഷ്യന്മാരും കൂടിയിരുന്ന് ശീമോന് കിട്ടിയ ക്രിസ്താനുഭവത്തെക്കുറിച്ച് സംസാരിക്കുന്ന താണ് (വാ.33,34). യേശു

ഉയിർത്തു എന്നതിനുള്ള തെളിവെന്താണ് എന്ന ചോദ്യം പ്രസക്തമാണ്. ശാസ്ത്രീയമായ തെളിവുകളൊന്നും തന്നെ അക്കാര്യ ത്തിൽ പ്രധാനമല്ല. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ വ്യക്തമായ തെളിവ് യേശു വിന്റെ ശിഷ്യന്മാരാണ്. ക്രിസ്തുവിന്റെ പേരിൽ അവർ മരിക്കാൻ പിന്നീട് തയാറാകുന്നതിന്റെ പിന്നിലെ ചേതോവികാരം അവർക്ക് കിട്ടിയ ഉയിർത്ത കർത്താവുമായുള്ള സംസർഗ്ഗമാണ്. ക്രിസ്തുവിന്റെ മരണത്തോടെ ആശയപരമായും മാനസികമായും ചിതറിപ്പോയ ശിഷ്യന്മാരെ ഒരുമിപ്പിക്കുന്നത് ഉയിർത്തെഴുന്നേൽപ്പാണ്. ആ ഒരുമിക്കലാണ് സഭയുടെ രൂപീകരണത്തിന് കാരണമായത്. എമ്മവുസ്സിലേക്ക് അകന്നു പോയവർ നിമിഷനേരംകൊണ്ട് യെരുശലേമിലെ ശിഷ്യരോടൊപ്പം ചേർക്കപ്പെടുന്നു. ഭക്ഷണവേളയിൽ ഉയിർത്ത യേശുവിനെ കണ്ടുമുട്ടിയതിനെകുറിച്ച് അവർ സാക്ഷിക്കുന്നു. ഉയിർത്ത കർത്താവിനെ തിരിച്ചറിഞ്ഞവർക്കേ അവനെ സാക്ഷിക്കാൻ കഴിയുകയുള്ളു.

യേശുവിന്റെ കഷ്ടപ്പാടിനെയും ക്രൂശുമരണത്തെയും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയാത്ത മാനസിക അവസ്ഥയിലായിരുന്ന ശിഷ്യന്മാർ യേശുവിനെ കണ്ടുമുട്ടിയതോടെ തിരുവെഴുത്തിനെക്കുറിച്ചും വീണ്ടെടുപ്പിനെക്കുറിച്ചും കഷ്ടതയേൽക്കാനായുള്ള ദൈവസന്നദ്ധതയെകുറിച്ചും ഒക്കെയുള്ള ദൈവശാസ്ത്ര അവബോധത്തിലേക്ക് എത്തിച്ചേർന്നത്. ഇത് ക്രിസ്താനുഭവത്തിന്റെ തുടർസാധ്യതക്ക് മുഖാന്തിരമായി. ശിഷ്യന്മാർക്ക് വ്യക്തിപരമായുണ്ടായ ക്രിസ്താനുഭവമാണ് അവരെ ഒന്നിപ്പിക്കുന്നതും സഭയുടെ രൂപീകരണത്തിന് മുഖാന്തിരമാകുന്നത്. ക്രിസ്താനുഭവത്തിലൂടെ രൂപംകൊണ്ട സഭ ആ അനുഭവം നിലനിർത്തുന്നതിനും ലോകത്തിൽ പകരുന്നതിനും വിളിക്കപ്പെട്ടതാണ്. അതിന് പ്രസ്തുത അനുഭവം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ നിരന്തരം ഉണ്ടാകേണ്ടതുണ്ട്. വർത്തമാന കാലത്തിൽ സഭയാണ് യേശു, അഥവാ ക്രിസ്തുവിന്റെ ശരീരമായ സഭയാണ് യേശുവിന്റെ ധർമ്മം ലോകത്തിൽ നിർവ്വഹിക്കേണ്ടത്. ഉയിർപ്പ് അനുഭവമാകാത്തവരുടെ അരികിലേക്ക് അവരിലൊരാളായി സഭ യാത്ര ചെയ്യണം, അവരോടൊപ്പം ഭക്ഷണം പങ്കിടണം. കുടുംബ ജീവിതത്തിലെ ഉത്തരമില്ലായ്മകളിൽ, തൊഴിലിടങ്ങളിലെ അപ്രതീക്ഷിതമായ തിക്താനുഭവങ്ങളിൽ, അയൽ ബന്ധങ്ങളിലെ നീറിപ്പുകയുന്ന ജീവിത സാഹചര്യങ്ങളിൽ... മനുഷ്യജീവിതം പരീക്ഷണ സാഹചര്യങ്ങളിൽ ആയിപ്പോകുമ്പോൾ സഭ കൂടെ നടക്കുന്ന അനുഭവം ഓരോ വിശ്വാസിയിലും ഉളവായിരിവരണം; സഭയുടെ ഉത്തരവാദിത്തമാണത്. ഉയിർത്ത കർത്താവ് അപ്പോൾ എല്ലാവർക്കും അനുഭവമാവുകയും സഭാജീവിതവും ദൗത്യനിർവ്വഹണവും കൂടുതൽ കാര്യക്ഷമമാവുകയും ചെയ്യും.

# മാതൃകാ മാതൃത്വം

**ജോയ് ജോൺസ് ജെ.**

**പാ**പത്തിൽ വീണുപോയ മാനവരാശിയെ രക്ഷയുടെ അനുഭവത്തിലേക്ക് വണ്ടെടുക്കാനായി ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. എന്നാൽ അവന് ഒരു മനുഷ്യശരീരം നൽകുന്നതിന് ഒരു സൃഷ്ടിയുടെ സ്വതന്ത്ര സഹകരണം വേണമെന്ന് ദൈവം തീരുമാനിച്ചു. തന്റെ പുത്രന് അമ്മയാകാൻ ഒരു യിസ്രായേൽ പുത്രിയെ - ഗലീലയിലെ നസ്രേത്തിൽ നിന്നുള്ള ഒരു യെഹൂദ യുവതിയെ-ദാവീദ് ഗോത്രത്തിലെ യോസേഫ് എന്നയാളോട് വിവാഹനിശ്ചയം ചെയ്തിരുന്ന ഒരു കന്യകയെ ദൈവം തെരഞ്ഞെടുത്തു. അവളുടെ പേര് മറിയ എന്നായിരുന്നു.

കാലസമ്പൂർണതയിൽ ദൈവിക വാഗ്ദാനങ്ങളുടെയും ഒരുക്കങ്ങളുടെയും പൂർത്തീകരണത്തിന് തുടക്കം കുറിക്കുന്ന സംഭവമായി ദൈവം മറിയയെ തെരഞ്ഞെടുത്തു. ദൈവത്തിൽ നിന്ന് രക്ഷ പ്രതീക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പാവപ്പെട്ടവരുടെയും എളിയവരുടെയും ഇടയിൽ മറിയ സമുന്നത സ്ഥാനം അർഹിക്കുന്നു.

**1. ദൈവകൃപയാൽ നിറയപ്പെട്ട മറിയ-** സമ്പൂർണസമർപ്പണത്തിന്റെ മാതൃക : രക്ഷകന്റെ മാതാവായിത്തീരുന്നതിന് മറിയയെ ആസ്ഥാനത്തിന് യോജിക്കുന്ന ദാനങ്ങളാൽ ദൈവം സമ്പന്നയാക്കി. ഗബ്രിയേൽ ദൂതൻ മറിയയെ സംബോധന ചെയ്യുന്നത് 'കൃപ ലഭിച്ചവളേ' എന്നാണ് (ലൂക്കൊ. 1:28). 'കൃപലഭിച്ചവളേ നിനക്കു വന്ദനം കർത്താവു നിന്നോടുകൂടെ ഉണ്ട്' വീണ്ടും ദൂതൻ അവളോട് ഇങ്ങനെ പറയുന്നു- 'മറിയയേ, ഭയപ്പെടേണ്ടാ, നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്ന് പേർ വിളിക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു പേർ വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും, അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല". ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്ന മറിയയുടെ ചോദ്യത്തിനുള്ള മറുപടി (ലൂക്കൊ. 1:35) 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്ക

പ്പെടും' പരിശുദ്ധാത്മ ശക്തിയാൽ താൻ അത്യുന്നതന്റെ പുത്രന് ജന്മം നൽകും എന്ന് ദൈവദൂതന്റെ അറിയിപ്പ് ലഭിച്ചപ്പോൾ മറിയയുടെ പ്രതി കരണം എന്തായിരുന്നു? "ദൈവത്തിന് അസാദ്ധ്യമായി യാതൊന്നും ഇല്ല'എന്ന ഉറപ്പോടെ, വിശ്വാസത്തിന്റെ വിധേയത്വത്തോടെ അവൾ ഇങ്ങനെ പ്രതിവചിച്ചു.- 'ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' രക്ഷയെ സംബന്ധിച്ച ദൈവേ ഷ്ടത്തെ പൂർണഹൃദയത്തോടെ സ്വീകരിച്ചുകൊണ്ട് മറിയ ദൈവത്തിന്റെ വീണ്ടെടുപ്പ് പ്രവർത്തനത്തിനായി സ്വയം സമർപ്പിച്ചു. ദൈവകൃപയാൽ നിറയപ്പെട്ട മറിയ ദൈവഹിതത്തിനു മുമ്പിൽ സ്വന്തം ഇഷ്ടത്തെ അടി യറവച്ചു. ലോകസ്രഷ്ടാവിനെ ഉദരത്തിൽ വഹിക്കാൻ സമസൃഷ്ടിക ളെക്കാൾ മറിയയ്ക്കുണ്ടായിരുന്ന യോഗ്യതയും ഈ സമർപ്പണം തന്നെ.

യെഹൂദന്മാരുടെ സാമൂഹിക പശ്ചാത്തലമനുസരിച്ച് വിവാഹ ത്തിനു മുമ്പ് ഗർഭം ധരിക്കുന്ന സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുമായിരു ന്നു. മോശെയുടെ സാന്മാർഗ്ഗിക നിയമമാണ് അതിനടിസ്ഥാനമായി അവർ സ്വീകരിച്ചിരുന്നത്. ഭീതി ജനകമായ ഇത്തരം കർക്കശനിയമങ്ങൾ നിലനിൽക്കവെ ദൈവദൂതന്റെ സന്ദേശത്തോട് അനുകൂലമായി മറിയ പ്രതികരിച്ചു. മറിയയുടെ വിനയവും, വിശ്വാസത്തിന്റെ കരുത്തും, ആത്മ ത്യാഗസന്നദ്ധതയും ഇവിടെ പ്രകടമാണ്. ഇവകൂടാതെ സമർപ്പണം, അനുസരണം, ഭക്തി, ദൈവകൃപ എന്നിവ മറിയയുടെ ജീവിതത്തിലുട നീളം നമുക്കു കാണാൻ കഴിയും.

മറിയയുടെ തീരുമാനവും അവസ്ഥയും സാമൂഹ്യനിയമങ്ങൾ കൃത്യമായി പാലിച്ചിരുന്ന യോസേഫിനെ അസ്വസ്ഥചിത്തനാക്കി. ഗർഭി ണിയായ മറിയയെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ച യോസേ ഫിനെ ഗബ്രിയേൽ ദൂതൻ സന്ദർശിച്ച് നിജസ്ഥിതി വ്യക്തമാക്കുന്നു. മറിയയെ ഉപേക്ഷിയ്ക്കാതെ ഭാര്യയായി സ്വീകരിക്കാൻ യോസേഫ് തയ്യാ റായതോടെ ഒരു വലിയ മാനഹാനിയിൽ നിന്നും ജീവാപായത്തിൽ നിന്നും മറിയ രക്ഷപ്പെടുന്നു.

**2. ദൈവിക അരുളപ്പാടിനെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുന്ന മറിയ:-** ആദ്യജാതന്റെ ജനനത്തിന് വഴിയമ്പലത്തിൽപോലും സ്ഥലം ലഭിക്കാത്തതിനാൽ മറിയയും യോസേഫും കുഞ്ഞിനെ പശുത്തൊട്ടി യിൽ കിടത്തി. ദൂതന്മാരുടെ ദർശനമുണ്ടായ ആട്ടിടയന്മാർ യേശുക്കു ഞ്ഞിനെ സന്ദർശിച്ചു വണങ്ങി. ദൂതന്മാർ തങ്ങളോട് അറിയിച്ച വാക്കു കളെ അവർ മറിയയെയും യോസേഫിനെയും അറിയിച്ചു. ലൂക്കൊ. 2:19 'മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചു കൊണ്ടിരുന്നു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിനയത്തോടെ ദൈവ സന്നിധിയിൽഇരുന്ന് ദൈവിക അരുളപ്പാടിനെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുന്ന അമ്മയായി മറിയയെ ഇവിടെ നാം കാണുന്നു.

യേശുക്കുഞ്ഞുമായി ആദ്യമായി ദൈവാലയത്തിൽ യാഗാർപ്പണത്തിന് കടന്നുപോയ മാതാപിതാക്കളോട് ശിമ്യോൻ യേശുവിനെക്കുറിച്ചുള്ള ദൈവിക അരുളപ്പാട് പ്രസ്താവിച്ച് ദൈവത്തെ സ്തുതിച്ചു. അതിനുശേഷം ശിമ്യോൻ മറിയയോട് ഇങ്ങനെ പറഞ്ഞു 'അനേകഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിനു ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചക്കും, എഴുന്നേല്പിനും, മറുത്തു പറയുന്ന അടയാളത്തിനുമായി വെച്ചിരിക്കുന്നു. നിന്റെ സ്വന്ത പ്രാണനിൽകൂടിയും ഒരു വാൾകടക്കും' (ലൂക്കൊ. 2:34,35). പ്രാണനിൽകൂടി വാൾകടക്കുന്ന അതിവേദന നിറഞ്ഞ അനുഭവങ്ങളിലൂടെയും തനിക്ക് കടന്നു പോകേണ്ടിവരുമെന്നുള്ള ഓർമ്മപ്പെടുത്തലായിരുന്നു ശിമ്യോനിലൂടെ മറിയ കേട്ടത്. വചനം മനസ്സിൽ സംഗ്രഹിച്ച് ധ്യാനിക്കുന്ന മറിയ ധ്യാനാത്മകജീവിതത്തിന് ഉത്തമ ഉദാഹരണമാണ്.

**3. മകനെ ദൈവികജ്ഞാനത്തിലും ദൈവകൃപയിലും വളർത്തിയ കരുതലും സ്നേഹവും ഉള്ള അമ്മ:-** "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു; ആത്മാവിൽ ബലപ്പെട്ടുപോന്നു ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു" (ലൂക്കൊ. 2:40) എന്ന വാക്യം ഇത് വ്യക്തമാക്കുന്നു. യേശുവിന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ അമ്മയപ്പന്മാരോടൊപ്പം യെരുശലേം ദേവാലയത്തിൽ പോയി. പെരുനാൾ കഴിഞ്ഞ് തിരികെ വരുന്നവരോടൊപ്പം യേശുവും ഉണ്ടായിരിക്കും എന്ന് മാതാപിതാക്കൾ കരുതി. ഒരു ദിവസത്തെ വഴിയാത്ര കഴിഞ്ഞ് യേശുവിനെ കാണാത്തതിനാൽ അവർ തിരികെ പോയി. ദേവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ അവർ യേശുവിനെ കണ്ടു. ഈ സന്ദർഭത്തിൽ മറിയ യേശുവിനോട് ഇങ്ങനെ ചോദിച്ചു. "മകനെ ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു" (ലക്കൊ. 2:48). മകനോടുള്ള കരുതലും സ്നേഹവും വ്യക്തമാക്കുന്ന വാക്കുകളാണിവ. യേശു നല്കിയ മറുപടിയും അവിടെ സംഭവിച്ച വസ്തുതകളും മറിയ ഹൃദയത്തിൽ സംഗ്രഹിച്ചതായി ലൂക്കൊ. 2:51 ൽ കാണുന്നു.

**4. യേശുവിന്റെ ദൈവത്വത്തെ വിശ്വസിച്ച് ജനങ്ങളെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവന്ന മാതാവ്:-** യോഹന്നാന്റെ സുവിശേഷം നാം പഠിക്കുമ്പോൾ യേശുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത് തന്റെ പഠിപ്പിക്കൽകൊണ്ടോ സൗഖ്യദായകാകൊണ്ടോ അല്ല. ഒരു വിവാഹത്തിൽ ആതിഥ്യം സ്വീകരിച്ചും അവിടെ തന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യത്തെ അടയാളം ചെയ്തുകൊണ്ടും ആണ്. കാനാവിലെ കല്യാണ ഭവനത്തിൽ യേശുവിന്റെ അമ്മയും ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിനു ക്ഷണിച്ചിരുന്നു. പലസ്തീൻ നാട്ടിലെ വിവാഹ ആഘോഷങ്ങൾ ഒരാഴ്ചയോളം നീണ്ടുനില്ക്കുകയും അതി

ഥികളായെത്തുന്നവർക്ക് വിവിധ വിഭവങ്ങൾ സമ്മാനിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. കല്യാണവിരുന്നിനിടെ ഭക്ഷണസാധനങ്ങളോ വീഞ്ഞോ തീർന്നുപോകുന്നത് വധൂവരന്മാർക്ക് അപമാനം ഉണ്ടാക്കുന്ന കാര്യമായിരുന്നു. ഈ അവസരത്തിലാണ് മറിയ യേശുവിന്റെ സഹായം അഭ്യർത്ഥിക്കുന്നത്. തന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന് യേശു മറുപടി വന്നിട്ടില്ല എന്ന് യേശു മറുപടി നല്കുന്നു. എന്നാൽ അവിടെയുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ യേശുവിന് കഴിയുമെന്ന് മറിയ ഉറച്ചു വിശ്വസിച്ചു. എങ്കിലും ദൈവഹിതത്തിനായി അവൾ അക്കാര്യം സമർപ്പിക്കുന്നു. ദൈവകല്പന അനുസരിക്കാൻ മറിയ ശുശ്രൂഷക്കാരോട് ആവശ്യപ്പെടുന്നു. വെള്ളം വീഞ്ഞാക്കിത്തീർത്തതിലൂടെ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കാനുള്ള യേശുവിന്റെ ആഗ്രഹം നമുക്ക് കാണാം. ജനങ്ങളെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവന്ന് യേശുവിന്റെ ഇഷ്ടം ചെയ്യാൻ അവരെ പഠിപ്പിച്ച മാതാവാണ് മറിയ.

യേശുവിന്റെ ക്രൂശീകരണസമയത്ത് ക്രൂശിനരികെ യേശുവിന്റെ അമ്മയും ഉണ്ടായിരുന്നു. ആത്മത്യാഗത്തിന്റെ അന്ത്യനിമിഷത്തിലും മകനോടൊപ്പം ഉണ്ടായിരുന്ന സ്നേഹമയിയായിരുന്നു മറിയ. തന്റെ മരണശേഷം അമ്മ അനാഥയാകരുത് എന്ന ചിന്തകൊണ്ടാവണം യേശു കൂരിശിൽ കിടന്നുകൊണ്ട് മറിയയെ പ്രിയ ശിഷ്യനായ യോഹന്നാനെ ഏല്പിക്കുന്നത്. ജീവശാസ്ത്രപരമായ ബന്ധമല്ല. ദൈവഹിതത്തിനനുകൂലമായി പ്രതികരിക്കുന്നതിലൂടെ രൂപപ്പെടുന്ന കുടുംബബന്ധമാണ് നാമിവിടെ കാണുന്നത്.

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം യേശുവിന്റെ സഹോദരന്മാരോടും, ശിഷ്യന്മാരോടും, മറ്റ് സ്ത്രീകളോടുംകൂടെ യെരുശലേമിലെ മാളികമുറിയിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന മറിയയെ കുറിച്ച് അപ്പൊ. 1:13,14 വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുവിശേഷീകരണദൗത്യം ഏറ്റെടുത്ത് ക്രിസ്തുവിന്റെ സാക്ഷിയായി അവർ നിലകൊണ്ടു.

- സമ്പൂർണ സമർപ്പണത്തിന്റെ, വിനയത്തിന്റെ, ഭക്തിയുടെ നിറസാന്നിദ്ധ്യമാണ് മറിയ.
- ദൈവിക അരുളപ്പാടിന് കാതോർക്കുന്ന, വചനം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുന്ന അമ്മ.
- മകനെ ദൈവകൃപയിൽ വളർത്തിയ, മകനോട് കരുതലും സ്നേഹവും ഉള്ള അമ്മ.
- മകന്റെ ദൈവികത്വം വ്യക്തമായി മനസ്സിലാക്കിയ അമ്മ.
- മരണസമയത്തും മകനോടൊപ്പം ആയിരുന്ന അമ്മ.
